ടോയ്‌ലറ്റ് സൗകര്യം എന്നിവ അഭിവൃദ്ധിപ്പെടുത്തുവാനും ഹാർബർ ബേസിനകത്ത് 25 മീറ്റർ പൊക്കത്തിലുള്ള 3 ഹൈമാസ്ക് ലൈറ്റുകൾ സ്ഥാപിക്കുവാനുമുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിവരികയാണ്. ഹാർബറിൽ നിലവിലുള്ള വാർഫിന്റെ നീളം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ അടിയന്തരമായി തയ്യാറാക്കി സമർപ്പിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുന്നതാണ്.

(9) കുമ്പിച്ചൽ കടവിൽ പാലം

ശ്രീ. ആർ. സെൽവരാജ് : സർ, നെയ്യാർഡാമിലെ മലയോര മേഖലയുമായി ബന്ധപ്പെട്ട് സ്ഥിതി ചെയ്യുന്ന ഒരു പഞ്ചായത്താണ് അമ്പൂരി പഞ്ചായത്ത്. അതിലെ തൊടുമല വാർഡിൽ ഏകദേശം അഞ്ഞൂറോളം കുടുംബങ്ങൾ താമസിക്കുന്നതും രണ്ടായിരത്തോളം ഏക്കർ കൃഷി ഭൂമിയുള്ളതുമാണ്. ബഹുഭൂരിപക്ഷവും ആദിവാസികളാണ് അവിടെ ജീവിക്കുന്നത്. അവർ ഉൽപ്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങൾ വിൽക്കുന്നതിനും ഭക്ഷ്യ വസ്തുക്കളും മറ്റ് നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിനും കിലോമീറ്ററോളം സഞ്ചരിക്കണം. കുട്ടികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകുന്നതിനും വളരെ ബുദ്ധിമുട്ടാണ്. നെയ്യാർ ഡാമിലെ ജനസംഭരണിയാൽ ചുറ്റപ്പെട്ട വാർഡാണ് തൊടുമല വാർഡ്. ഇവർക്ക് ടൗണിൽ എത്തിച്ചേരുന്നതിനുള്ള ഇപ്പോഴത്തെ ഏക ആശ്രയം കടത്തുവള്ളം മാത്രമാണ്. വർഷകാലങ്ങളിൽ വള്ളം മുങ്ങി കുട്ടികളുടെ മരണം നിത്യസംഭവമാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയും സ്ഥലം സന്ദർശിച്ചിട്ടുള്ളതാണ്. വർഷങ്ങളോളം പഴക്കമുള്ള നാട്ടുകാരുടെ ആവശ്യമാണ് അമ്പൂരി പഞ്ചായത്തിലെ തൊടുമല വാർഡിൽ കുമ്പിച്ചൽ കടവിൽ ഒരു പാലം പണിയുക എന്നത്. കഴിഞ്ഞ വർഷം പി.ഡബ്ല്യു.ഡി. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുകയും ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുള്ളതുമാണ്. അമ്പൂരി നിവാസികളുടെ ആവശ്യമായ കുമ്പിച്ചൽ കടവ് പാലം അടിയന്തരമായി പണി കഴിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം എന്നതാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, തിരുവനന്തപുരം ജില്ലയിലെ അമ്പൂരി പഞ്ചായത്തിൽ നെയ്യാർ റിസർവ്വോയറിന് കുറുകെ കുമ്പിച്ചൽ കടവിൽ ഒരു പാലം നിർമ്മിക്കുകയെന്നുള്ളത് തദ്ദേശവാസികളുടെ ചിരകാലാഭിലാഷമാണ്. പാലം നിർമ്മിക്കുന്നതിനാവശ്യമായ ഭരണാനുമതി ലഭ്യമാക്കുന്നതിന് 14 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന് ലഭിച്ചെങ്കിലും നടപ്പുവർഷത്തെ ബഡ്ജറ്റിൽ മതിയായ തുക വക കൊള്ളിച്ചിട്ടില്ലാത്തതിനാൽ ഭരണാനുമതി നൽകാൻ കഴിഞ്ഞില്ല. എന്നാൽ ബഹുമാനപ്പെട്ട ആർ. സെൽവരാജ് ഇവിടെ സൂചിപ്പിച്ചതുപോലെ ജനങ്ങളുടെ ഏറ്റവും ന്യായമായ ഒരു ആവശ്യമാണ് ഇത്. അത് കണക്കിലെടുത്ത് ഈ വിഷയം സർക്കാർ പ്രത്യേകമായി പരിഗണിച്ച് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly